STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.101/PR/SPMC/PHQ/2023 Date:14.10.2023

**ഓപ്പറേഷൻ ബൈക്ക് സ്റ്റണ്ട്: 35 ഇരുചക്രവാഹനങ്ങൾ പിടിച്ചെടുത്തു; ഏഴുപേർക്കെതിരെ കേസ്; 3,59,250 രൂപ പിഴ ഈടാക്കി**

ഇരുചക്രവാഹനങ്ങളുടെ അഭ്യാസപ്രകടനം, അമിതവേഗം, രൂപമാറ്റം എന്നിവ തടയുകയെന്ന ലക്ഷ്യത്തോടെ കേരള പോലീസും മോട്ടോർ വാഹനവകുപ്പും സംയുക്തമായി നടത്തിയ പരിശോധനയിൽ 35 ഇരുചക്രവാഹനങ്ങൾ പിടിച്ചെടുത്തു.

ഏഴു പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു. 30 പേരുടെ ലൈസൻസ് റദ്ദാക്കാൻ നടപടി സ്വീകരിച്ചു. 3,59,250 രൂപ പിഴയായി ഈടാക്കി.

ട്രാഫിക്കിന്റെ ചുമതലയുള്ള ഐ.ജി ജി സ്പർജൻ കുമാറിന്റെ നിർദ്ദേശപ്രകാരം ട്രാഫിക് ആന്റ് റോഡ് സേഫ്റ്റി സെൽ വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ പരിശോധന നടത്തിയാണ് നിയമലംഘകരെ കണ്ടെത്തിയത്. വാഹനരൂപമാറ്റം വരുത്തി സ്റ്റണ്ട് നടത്തി ദൃശ്യങ്ങൾ നവമാധ്യമങ്ങളിൽ പോസ്റ്റ് ചെയ്യുന്നവരുടെ വിലാസം ശേഖരിച്ചാണ് ഓപ്പറേഷൻ ബൈക്ക് സ്റ്റണ്ടിന്റെ മൂന്നാംഘട്ടം നടപ്പാക്കിയത്. ദക്ഷിണ മേഖലാ ട്രാഫിക് എസ്.പി ജോൺസൺ ചാൾസ്, ഉത്തരമേഖലാ ട്രാഫിക് എസ്.പി ഹരീഷ് ചന്ദ്ര നായിക്, ജില്ലാ ട്രാഫിക് നോഡൽ ഓഫീസർമാർ, മോട്ടോർ വാഹനവകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ ഓപ്പറേഷന് നേതൃത്വം നൽകി.

ഇത്തരം നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കേരള പോലീസിന്റെ ശുഭയാത്ര വാട്സാപ്പ് നമ്പറായ 9747001099 എന്ന നമ്പറിലേയ്ക്ക് വീഡിയോയും ചിത്രങ്ങളും അയയ്ക്കാവുന്നതാണ്.

(വിഷ്വൽസ് ഇതോടൊപ്പമുള്ള ഗൂഗിൾ ഡ്രൈവ് ലിങ്കിൽ)

https://drive.google.com/drive/folders/10g7s1F5sXIeAHF1gD3j-zsiVp_Tsm-Rw?usp=sharing

*******************